**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3113** **07/11/2019 -ൽ മറുപടിയ്ക്ക്**

**ഗവ: മോയൻ മോഡൽ ഹയർ സെക്കന്ററി സ്കൂളിന്റെ വികസനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | പാലക്കാട് ഗവ: മോയൻ മോഡൽ ഹയർ സെക്കന്ററി സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുമെന്ന വിദ്യാഭ്യാസ മന്ത്രിയുടെ പ്രഖ്യാപനത്തിന് ശേഷം ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | ക്ലാസ്സ് മുറികളുടെ അഭാവം മൂലം ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുന്നതിനുള്ള പ്രയാസം നേരിടുന്നുണ്ട്. |
| ബി) | സ്കൂളിനോട് ചേർന്നുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) | മോയൻ എൽ.പി സ്കൂളിനോട് ചേർന്നുള്ള റവന്യൂ വകുപ്പിന്റെ പുറമ്പോക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| സി) | ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടും സ്ഥലപരിമിതി കാരണം ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂളിനോട് ചേർന്നുള്ള റവന്യൂ വകുപ്പിന്റെ പുറമ്പോക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും അനുവദിച്ച തുകയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ